(ബി) ഉണ്ട്.

(സി) അനുബന്ധം II കാണുക†.

(ഡി) ഉണ്ട്. അനുബന്ധം III കാണുക†.

(ഇ) അനുബന്ധം IV കാണുക†.

കോഴിക്കോട് ഡി. റ്റി. പി. സി.-യുടെ വരവ്-ചെലവ് കണക്ക്

70 [6036] ശ്രീ. എ. സി. ഷണ്മുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ടൂറിസം പ്രൊമോഷൻ കൗൺസിലിലുള്ള ജീവനക്കാരുടെ എണ്ണം എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) 2002-2003 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ഡി. ടി. പി. സി.-യുടെ ചെലവെത്രയെന്നും വരവ് എത്രയെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ)	ഫുൾടൈം സെക്രട്ടറി	..	1
	താൽക്കാലിക ജീവനക്കാർ (ദിവസക്കൂലിക്കാർ)	..	5
(ബി)	വരവ് (പദ്ധതി ഇനം ഒഴികെ)	..	4,98,617 രൂപ
	ചെലവ് (പദ്ധതി ചെലവ് ഒഴികെ)	..	7,77,230 രൂപ.

കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ടൂറിസം വികസനം ലക്ഷ്യമാക്കി കലാപരിപാടികൾ

71 [6037] ശ്രീമതി രാധാമാഘവൻ:
ശ്രീ. പി. ടി. തോമസ്:
,, ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം പ്രൊമോഷനുവേണ്ടി നിശാഗന്ധി ആഡിറ്റോറിയത്തിൽ എന്തെല്ലാം വിധത്തിലുള്ള കലാപ്രകടനങ്ങളാണ് അവതരിപ്പിക്കുന്നത്;

(ബി) നൃത്തനൃത്യങ്ങൾ കൂടാതെ നാടൻ കലകളും തനത് കലകളും പ്രകടിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമുള്ള ഏർപ്പാട് അവിടെ ഉണ്ടോ; ഇല്ലെങ്കിൽ അതിനുള്ള ഏർപ്പാടുണ്ടാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരത്ത് നിശാഗന്ധി ആഡിറ്റോറിയത്തിൽ എന്നതുപോലെ കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലും ടൂറിസം വികസനം ലക്ഷ്യമാക്കി കലാപരിപാടികൾ അവതരിപ്പിക്കാനുദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ടൂറിസം പ്രൊമോഷനെ ലാക്കാക്കി നിശാഗന്ധി ആഡിറ്റോറിയത്തിൽ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും നിശാഗന്ധി ഉൽസവം, ഓണാഘോഷപരിപാടി എന്നിവ നടത്തിവരുന്നുണ്ട്. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വിവിധ നൃത്ത സംഗീത പരിപാടികളും ഈ പരിപാടിയിൽ അവതരിപ്പിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 2002-2003 വർഷംമുതൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഒരു മാസക്കാലം നീണ്ടു നിൽക്കുന്ന 'സാംസ്കാരിക സായാഹ്നം' എന്ന പരിപാടി നടത്തുന്നുണ്ട്. ഇതോടനുബന്ധിച്ച് കേരളത്തിൽ തനതു കലാരൂപങ്ങളായ കഥകളി, ഓട്ടൻതുള്ളൽ, മോഹിനിയാട്ടം തുടങ്ങിയവ അവതരിപ്പിക്കുന്നുണ്ട്.

രാമനിലയം ഗസ്റ്റ് ഹൗസിന്റെ വികസനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ

72 [6038] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള രാമനിലയം ഗസ്റ്റ് ഹൗസിന്റെ വികസനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) രാമനിലയം കോമ്പൗണ്ടിൽ ആകെയുള്ള സ്ഥലം എത്രയാണ്;

(സി) ഈ സ്ഥലത്തിൽനിന്ന് മറ്റെന്തെങ്കിലും ആവശ്യങ്ങൾക്ക് സ്ഥലം നൽകിയിട്ടുണ്ടോ; ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഈ സ്ഥലം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) രാമനിലയം കോമ്പൗണ്ടിൽനിന്ന് മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി സ്ഥലം വിട്ടുകൊടുക്കണമെന്നുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ;

(ഇ) രാമനിലയം ഗസ്റ്റ് ഹൗസ് പാട്ടവ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്ക് നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly